**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 684** **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഉൽപാദക കമ്പനികളുമായുള്ള ദീർഘകാല കരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ വൈദ്യുതി ഉൽപാദക കമ്പനികളുമായി ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിരുന്നോ; എങ്കിൽ പ്രസ്തുത കരാറുകളുടെ വിശദാംശം നൽകുമോ; | (എ) | 2016 വർഷത്തിൽ ദീർഘ കാല വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ടിട്ടില്ല. |
| (ബി) | 25 വർഷത്തേക്കുള്ള കുറഞ്ഞ നിരക്കിലുള്ള വൈദ്യുത കരാറുകൾ 2023-ൽ റദ്ദാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ഇ.ബി.എൽ 2014-ൽ DBFOO (Design Build Finance Own and Operate) അടിസ്ഥാനത്തിൽ 2 ബിഡ്ഡുകളിലായി 765 മെഗാവാട്ട് വൈദ്യുതിക്ക് വേണ്ടി ആറ് ഉല്പാദകരുമായി ദീർഘകാല കരാറിൽ (25 വർഷത്തേയ്ക്ക്) ഏർപ്പെടുകയുണ്ടായി. എന്നാൽ ടെൻഡർ മാർഗ്ഗരേഖകളിൽ നിന്നുള്ള വ്യതിയാനം ചൂണ്ടിക്കാട്ടി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) 30.08.2016 ലെ ഉത്തരവ് പ്രകാരം ബിഡ് 1 ലെയും ബിഡ് 2 ലെയും L 1 നു മാത്രമാണ് കരാർ അനുമതി നൽകിയത്. എന്നാൽ എല്ലാ കരാറുകളിൽ നിന്നും തൽക്കാലത്തേക്ക് വൈദ്യുതി വാങ്ങുവാൻ കേരള സർക്കാരിന്റെ 30.11.2016 ലെയും 21.10.2017 ലെയും ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി.എൽ-ന് അനുമതി നൽകുകയുണ്ടായി. തുടർന്ന് KSERC നാലു ഉല്പാദന നിലയങ്ങൾക്കു കൽക്കരി നൽകണമെന്ന് ആവശ്യപ്പെട്ടു കത്തും നൽകിയിരുന്നു. അനന്തരം ബിഡ് 1 ലെ 315 മെഗാവാട്ട് വൈദ്യുതി 1.12.2016 മുതലും ബിഡ് 2 ലെ 450 മെഗാവാട്ട് വൈദ്യുതി 1.10.2017 മുതലും കെഎസ്ഇബിഎൽ-ന് ലഭിച്ചു തുടങ്ങി. തുടർന്ന് KSERC 14.08.2020 ലെ ഉത്തരവിൽ ബിഡ് 2 ലെ അനുമതി ലഭിക്കാത്ത കരാറുകളിൽനിന്നുള്ള വൈദ്യുതിയുടെ വാങ്ങൽ നിരക്കിൽ പരിധിവെക്കുകയുണ്ടായി. ഇതിനെ ഉത്പാദകർ APTEL (Appellate Tribunal for Electricity)-ൽ ചോദ്യംചെയ്യുകയും APTEL, KSERC ഉത്തരവ് സ്റ്റേ ചെയ്യുകയും ചെയ്തു. KSERC ഇത് ബഹു. സുപ്രീം കോടതിയിൽ ചോദ്യം ചെയ്തതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ബഹു. സുപ്രീം കോടതി KSERC ക്കു ഈ വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കാൻ 3 മാസത്തെ സമയം അനുവദിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ KSERC നടപടി ക്രമങ്ങൾ പൂർത്തിയാക്കി. 10.05.2023 ലെ ഉത്തരവിലൂടെ 465 MW ന്റെ ദീർഘ കാല കരാറുകൾ ചട്ടലംഘനം ചൂണ്ടിക്കാട്ടി അനുമതി നിഷേധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയാണ് ഉണ്ടായത്. ഇതുമായി ബന്ധപ്പെട്ട കെഎസ്ഇബിഎൽ നൽകിയ ഹർജി നിലവിൽ ബഹു. APTEL ന്റെ പരിഗണയിൽ ആണ്. |
| (സി) | ഈ കരാറുകൾക്കു പകരം യൂണിറ്റിന് 10.25 രൂപ മുതൽ 14.30 രൂപ വരെ വില നൽകി വൈദ്യുതി വാങ്ങേണ്ടി വന്നതിന്റെ കാരണം പരി ശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ദീർഘകാല കരാറുകൾ റദ്ദാക്കിയതുമൂലമുള്ള വൈദ്യുതി ലഭ്യത കുറവ് പരിഹരിക്കാനായി കെഎസ്ഇബിഎൽ വിവിധ ഹ്രസ്വകാല/ ബാങ്കിങ് കരാറുകളിൽ ഏർപ്പെട്ടു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ജനുവരി 2024 ന് കെഎസ്ഇബിഎൽ വിളിച്ച ഹ്രസ്വകാല ടെൻഡറിൽ ഏപ്രിൽ - മെയ് മാസങ്ങളിലേക്കു ലഭിച്ച നിരക്കാണ് യൂണിറ്റിന് 10.25 രൂപ മുതൽ 14.30 രൂപ വരെയുള്ളത്. എന്നാൽ കൂടിയ നിരക്ക് കാരണം പ്രസ്തുത ടെൻഡർ അസാധുവാക്കുകയാണ് ഉണ്ടായത്. |
| (ഡി) | ദീർഘകാല കരാറുകൾ റദ്ദാക്കുന്നതുമൂലം ഉണ്ടാകുന്ന ഭവിഷ്യത്തുകളെ സംബന്ധിച്ച് അന്നത്തെ ഊർജ്ജ വകുപ്പ് സെക്രട്ടറി സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (ഡി) | ദീർഘകാല കരാറുകൾ റദ്ദാക്കുന്നത് കൊണ്ടുള്ള ഭവിഷ്യത്തുകൾ വിവരിച്ചു കൊണ്ട് അന്നത്തെ ഊർജ്ജ വകുപ്പ് സെക്രട്ടറി 04.06.2022- ന് ബഹു. വൈദ്യുതി മന്ത്രിക്കു വിശദമായ കത്ത് നൽകിയിരുന്നു. കെഎസ്ഇബിഎൽ ഈ കരാറുകൾ തുടരേണ്ടതിന്റെ ആവശ്യകത KSERC-യെ ബോധ്യപ്പെടുത്താൻ ശ്രമിക്കുക യുമുണ്ടായി. എന്നാൽ 10.05.2023 ലെ ഉത്തരവിലൂടെ 465 MWന്റെ ദീർഘകാല കരാറുകൾ ചട്ടലംഘനം ചൂണ്ടിക്കാട്ടി അനുമതി നിഷേധിച്ചുകൊണ്ട് KSERC ഉത്തരവ് പുറപ്പെടുവിക്കുകയാണ് ഉണ്ടായത്. കരാറുകൾ റദ്ദാക്കിയതുമായി ബന്ധപ്പെട്ട കെഎസ്ഇ ബിഎൽ നൽകിയ ഹർജി നിലവിൽ APTEL ന്റെ പരിഗണയിൽ ആണ്. |

സെക്ഷൻ ഓഫീസർ